# 57

# നഗരത്തിന്റെ നാശത്തിന് മുമ്പുള്ള സാഹചര്യം

## (24:4-14)

"അടയാളങ്ങൾ-ഇല്ലാത്ത," പ്രസംഗമായിരുന്നു ക്രിസ്തു തുടങ്ങിയത്. യെരുശലേമിന്റെ നാശം യെഹൂദന്മാരെ സംബന്ധിച്ച് പ്രയാസമേറിയ ഒന്നായിരുന്നു. അവർക്ക് യേശുവിന്റെ പ്രവചനം സംഭവിക്കുവാനുള്ളതിന്റെ നിവർത്തീകരണത്തിനാണ് അവർ നോക്കിയിരുന്നത്. തന്റെ ശിഷ്യന്മാർ തെറ്റിദ്ധരിക്കപ്പെടുവാൻ ക്രിസ്തു ആഗ്രഹിച്ചില്ല, അതുകൊണ്ട് തെറ്റിദ്ധരിക്കപ്പെടുവാൻ ഇടയുള്ള അടയാളങ്ങളെ അവൻ മുന്നറിയിച്ചു.

### "നിങ്ങളെ തെറ്റിക്കരുത്" (24:4-8)

**4അതിനു യേശു ഉത്തരം പറഞ്ഞതു: "ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. 5'ഞാൻ ക്രിസ്തു' എന്നു പറഞ്ഞു അനേകർ എന്റെ പേർ എടുത്തു വന്നു പലരെയും തെറ്റിക്കും. 6നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും; ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ; അതു സംഭവിക്കേണ്ടതു തന്നെ 7എന്നാൽ അതു അവസാനമല്ല; ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും; ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. 8എങ്കിലും ഇത് ഒക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ."**

**വാക്യങ്ങൾ 4, 5.** *കള്ളക്രിസ്തുക്കൾ.* കള്ളക്രിസ്തുക്കളാൽ, അതായത് മശിഹാ നാട്യക്കാർ ആരും തന്റെ അനുയായികളെ തെറ്റിക്കരുതെന്നാണ് **യേശു** പറഞ്ഞത് (24:23, 24 നോക്കുക). ആ വേഷപ്രച്ഛന്നരെ *പലരും* പിൻപറ്റുമെങ്കിലും, കർത്താവിന്റെ ശിഷ്യന്മാർ തെറ്റിപ്പോകരുത്. 16:13–20 ലെ സംഭാഷണത്തിനു ശേഷം, ശിഷ്യന്മാർ, വാഗ്ദാനം ചെയ്ത മശിഹ യേശു തന്നെയാണെന്ന് തിരിച്ചറിഞ്ഞിരുന്നു, എന്നാൽ അവരുടെ വിശ്വാസം കഠിനമായി പരീക്ഷിക്കപ്പെടുവാനിരിക്കുന്നു. അവരുടെ നായകനായ യേശു ക്രൂശിക്കപ്പെടുമ്പോൾ, അവർക്ക് അത് വലിയോരു വെല്ലുവിളിയായിരിക്കും. അവർ നേരിടുവാനിരിക്കുന്ന എല്ലാ പ്രശ്നങ്ങളേയും പരിഹരിക്കുന്നതായിരുന്നില്ല ഉയർത്തെഴുന്നേൽപ്.[1]

ഒന്നാം നൂറ്റാണ്ടിൽ, **അനേകം** കള്ള മശിഹമാരും, എതിർ നേതാക്കളും എഴുന്നേറ്റു, പലപ്പോഴും അവർക്ക് ചുറ്റും സൈന്യമായി തീർന്നു. അത്തരം രണ്ട് ആളുകളെ കുറിച്ച് ഗമാലിയേൽ എന്ന റബ്ബാൻ പറഞ്ഞിരിക്കുന്നു: തദാസും ഗലീലക്കാരനായിരുന്ന യൂദയും. അവർ ക്രമേണ കൊല്ലപ്പെടുകയും, അവരുടെ അനുയായികൾ ചിതറി പോകയും ചെയ്തു (പ്രവൃ. 5:36, 37).[2] വേറൊരാളെ പറഞ്ഞിരിക്കുന്നത് ഐത്യോപ്യക്കാരനായിരുന്നു, അവൻ നാലാ

യിരം തീവ്രവാദികളെ മരുഭൂമിയിലേക്ക് നയിച്ചു (പ്രവൃ. 21:38).[3] ആ സമയത്ത് ആ വ്യക്തികൾ **ക്രിസ്തു** ആണെന്ന് അവകാശപ്പെട്ടോ എന്ന് പറയുക പ്രയാസമാണ്. എങ്ങനെയായാലും, ആ പേരെടുത്ത് വന്നവരുണ്ടായിരുന്നു. ബാർ കോബാ വരുന്നതുവരെ മശിഹയുടെ നാമം എടുത്ത് ആരെങ്കിലും വന്നോ എന്നതിനെ കുറിച്ച് തർക്കം ഉയർന്നതായി ഡൊണാൾഡ് എ. ഹാഗ്നെർ പറഞ്ഞിരിക്കുന്നു (എ. ഡി. 135).[4]

**വാക്യങ്ങൾ 6, 7.** *യുദ്ധങ്ങളും യുദ്ധശ്രുതികളും, പ്രകൃതി ക്ഷോഭവും.* നിങ്ങൾ "**യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് കേൾക്കും**" എന്നും യേശു ശിഷ്യന്മാരോട് പറഞ്ഞു. അവർ വ്യക്തിപരമായി യുദ്ധത്തിൽ പങ്കെടുക്കുകയില്ല എന്നാണ് സൂചന. എങ്ങനെയായാലും, അത്തരം ആക്രമണങ്ങളെ കുറിച്ച് കേൾക്കുന്നവർ കലക്കത്തിലും, ഭയത്തിലും ആയിരിക്കും. അതു കൊണ്ട്, കർത്താവ് പറഞ്ഞു, **"ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ, അത് അവസാനമല്ല."** എ. ഡി. 70 ലെ യെരുശലേം നാശവുമായി ബന്ധപ്പെട്ട് പല യുദ്ധങ്ങൾ നടന്നിരുന്നു, വാസ്തവത്തിൽ, അതിനു തൊട്ടു മുൻപുള്ള എ. ഡി. 69 നെ "നാല് ചക്രവർത്തിമാരുടെ വർഷം" എന്നാണ് അറിയപ്പെട്ടിരുന്നത്. അത് രക്തം ചിന്തിയ ആഭ്യന്തര കലാപം നിറഞ്ഞതായിരുന്നു. നീറോയുടെ മരണത്തെ തുടർന്നു മൂന്നുപേർ ചുരുങ്ങിയ കാലം മാത്രം വാണവരായിരുന്നു: ഗാൾബാ, ഓഥോ, വിറ്റെലിയസ് എന്നിവർ.[5] വെസ്പേഷ്യൻ സിംഹാസനത്തിലിരിക്കാമെന്നു കരുതി യെരുശലേമിന്റെ ഉപരോധം എടുത്തുകളഞ്ഞിരുന്നു.[6] അതിനെ കുറിച്ച് ശിഷ്യന്മാർ കേട്ടതുകൊണ്ട്, "അവസാനം" (*ടെലോസ്*) എത്തി എന്ന് അവർ വിചാരിച്ചില്ല (24:3 നോക്കുക).

യേശു തുടർന്നു പറയുന്നു, **"ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും, ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും."** എ. ഡി. 70 ലെ യെരുശലേം നാശത്തിന് മുൻപുള്ള കാലയളവിൽ റോമാക്കാർ വളരെയധികം കുഴപ്പങ്ങൾ സൃഷ്ടിച്ചു, യെഹൂദ്യയിൽ സംഭവിക്കുവാനിരുന്ന പോരാട്ടങ്ങളെയും മനസിൽ കണ്ടുകൊണ്ടായിരിക്കാം യേശു മുന്നറിയിച്ചത്.

യെഹൂദന്മാരും റോമാക്കാരും തമ്മിൽ നടന്ന യുദ്ധത്തിലേക്ക് നയിക്കുന്നതിനു മുൻപ് ചില സംഭവങ്ങൾ പ്രത്യേകമായി നടന്നത് റോബർട്ട് എ. ഗെലിച്ച് പറയുന്നു.[7] റോമൻ ദേശാധിപതിയായിരുന്ന ഫ്ളോറസിന്റെ (എ. ഡി. 64–66), ക്രൂരതകളാണ് യുദ്ധത്തിനു കളമൊരുക്കിയത് (എ. ഡി. 66–74).[8] യെഹൂദന്മാർക്കെതിരായി ആഭ്യന്തര-അവകാശങ്ങൾക്കായി അവൻ ഗ്രീക്കുകാരുമായി സഖ്യതയിലായിരുന്നു. അവൻ ദൈവാലയത്തിലെ വിശുദ്ധ ഭണ്ഡാരത്തിൽനിന്നു പണമെടുത്ത് ഗവൺമെന്റു കാര്യങ്ങൾക്കായി ചെലവഴിച്ചു, തടഞ്ഞവരെ തടവിലാക്കുകയും ക്രൂശിക്കയും ചെയ്തു.[9] രണ്ട് സംഘം പടയാളികളെ ഫ്ളോറസ് യെരുശലേമിലേക്ക് കൊണ്ടുവന്നപ്പോൾ, അവർ അന്റോണിയാ കോട്ടയിൽ പ്രവേശിക്കാതിരിപ്പാൻ യെഹൂദന്മാർ തടഞ്ഞു. ആ ഏറ്റുമുട്ടലിൽ വളരെ പേർ മരണമടഞ്ഞു.[10]

റോമൻ ചക്രവർത്തിയടക്കമുള്ള ജാതികൾക്ക് ബലി കഴിക്കുവാൻ യെഹൂദന്മാർ തയ്യാറായില്ല.[11] ആ പ്രവൃത്തിയെ അവർ രാജദ്രോഹമായിട്ടാണ് കണ്ടത്. മൽസരികളായിരുന്ന യെഹൂദന്മാർ പലപ്പോഴും റോമാക്കാരോട് ഏറ്റുമുട്ടി. അനേകം പടയാളികളെ കൊല്ലുകയും കോട്ടകളുണ്ടായിരുന്ന മസദാ, മക്കെയരസ്, കുപ്രൊസ് എന്നിവ കീഴടക്കുകയും ചെയ്തു.[12] കൂടാതെ, കൈസര്യ, ദെക്കപ്പൊലി തുടങ്ങി, സിറിയൻ പട്ടണങ്ങളിലും അതിക്രമങ്ങൾ നടന്നിരുന്നു.[13]

കുഴപ്പം പിടിച്ച ആ കാലയളവിൽ, യെഹൂദന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തു. ഗെലിച്ച് എഴുതി, "ഒരു വശത്ത്, രാഷ്ട്രീയ ശക്തികൾ തന്നെ മിതവാദികളും തീവ്രവാദികളും ആയി വേർപിരിഞ്ഞു, അതായത് യുദ്ധം ചെയ്യുന്ന സംഘവും, സമാധാന കാംക്ഷികളായ സംഘവും. തീവ്രവാദികളും മിതവാദികളും തമ്മിൽ പിരിഞ്ഞതുകൂടാതെ, തീവ്രവാദികൾക്കിടയിൽ തന്നെ അഭിപ്രായവ്യത്യാസമുണ്ടായി."[14]

യേശുവിന്റെ മുന്നറിയിപ്പിനും യെരൂശലേമിന്റെ വീഴ്ച്ചക്കുമിടയിൽ പല "ഭൂകമ്പങ്ങളും ക്ഷാമങ്ങളും" റോമാ ലോകം നേരിട്ടു. ഉദാഹരണത്തിന്, എ. ഡി. 46-ൽ ഒരു ക്ഷാമമുണ്ടായതായി ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃ. 11:28), അതിനോട് ജോസെഫസും യോജിച്ചു പറഞ്ഞിരിക്കുന്നു.[15] മറ്റൊന്ന് ക്ലൗദ്യോസിന്റെ കാലത്ത് സംഭവിച്ചു, അത് ടാക്റ്റിക്കസും സുവെടാണിയസും പറഞ്ഞിരിക്കുന്നു.[16] റോം യെരുശലേമിനെ ഉപരോധിച്ചതിനാൽ സാധുക്കളായ പല യെഹൂദന്മാരും നഗരവാതിലിനുള്ളിൽ വെച്ചു മരിച്ചുപോയിരുന്നു. കണക്ക് അൽപം അതിശയോക്തിപരമാണെങ്കിലും, ആ ക്ഷാമത്തിൽ ചുരുങ്ങിയത് ആറു ലക്ഷം ജീവൻ അപഹരിക്കപ്പെട്ടു എന്നാണ് ജോസെഫസ് പറഞ്ഞത്.[17]

യേശുവിന്റെ മുന്നറിയിപ്പിനും യെരുശലേമിന്റെ വീഴ്ച്ചക്കും ഇടക്ക് റോമൻ ലോകത്തെ കുലുക്കുന്ന പല ഭൂമികുലുക്കങ്ങളുണ്ടായിട്ടുണ്ട്. മറ്റു പ്രദേശങ്ങളിലെന്ന പോലെ അത്, ആസ്യയുടെ ഭാഗമായിരുന്ന ലവൊദിക്യയിലും, ഇറ്റലിയിലെ പൊംപോലിയിലും ഉണ്ടായി (എ. ഡി. 62).[18] വെളിപ്പാട് സാഹിത്യത്തിൽ, ന്യായവിധിയുടെ അടയാളമായി അടിക്കടി പറഞ്ഞിട്ടുള്ളതാണ് ഭൂമികുലുക്കം (വെളി. 6:12; 8:5; 11:13, 19; 16:18). ആ ലിസ്റ്റിനോട് ലൂക്കൊസ്, 21:11 ചില "വ്യാധികളും," "ഭയങ്കര കാഴ്ച്ചകളും, ആകാശത്തിൽ മഹാ ലക്ഷ്യങ്ങളും" ചേർത്തിരിക്കുന്നു.

**വാക്യം 8**. ആ സംഭവങ്ങളെല്ലാം **ഈറ്റു നോവിന്റെ ആരംഭമാണ്** എന്നത്രെ യേശു പറഞ്ഞത്. ശിഷ്യന്മാർ യുദ്ധങ്ങളെയും, ക്ഷാമങ്ങളെയും, ഭൂകമ്പങ്ങളെയും കുറിച്ചു കേൾക്കുമ്പോൾ ചഞ്ചലിതരാകരുതായിരുന്നു. അവയെല്ലാം ഭാവിയിൽ സംഭവിക്കുവാനിരിക്കുന്ന സംഭവങ്ങളുടെ സൂചനകൾ മാത്രമായിരുന്നു. ഒരു സ്ത്രീയുടെ ഈറ്റുനോവ് ബൈബിളിൽ പല പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്, അത് ദൈവത്തിന്റെ ന്യായവിധി കാരണം നേരിടുന്ന വലിയ വിപത്തിനെ ആണ് ലക്ഷ്യമാക്കുന്നത്.[19] മശിഹ വരുന്നതിനു മുൻപുള്ള ബന്ധത്തിൽ യെഹൂദന്മാർ അതിനു മുൻപായി അനുഭവിക്കുന്ന വേദനയാണ് റബ്ബിമാർ "ഈറ്റു നോവ്" എന്നതിനെ കുറിച്ച് പറഞ്ഞിരിക്കുന്നത്.[20] ഈ സന്ദർഭത്തിൽ, യേശു പറയുന്നത്, യെരുശലേമിനെ ദൈവം ന്യായം വിധിക്കുന്നതും, തന്റെ രണ്ടാം വരവിന് മുൻപ് സംഭവിക്കേണ്ടതുമായ കാര്യങ്ങളാണ്.

### "അനേക പരീക്ഷണങ്ങൾ നിങ്ങൾക്ക് വരും സൂക്ഷിക്കുക" (24:9-14)

**9"അന്നു അവർ നിങ്ങളെ ഉപദ്രവത്തിന്നു ഏൽപിക്കയും, കൊല്ലുകയും ചെയ്യും. എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകെക്കും. 10പലരും ഇടറി അന്യോന്യം ഏൽപിച്ചുകൊടുക്കയും, അന്യോന്യം പകെക്കയും ചെയ്യും. 11കള്ളപ്രവാചകന്മാർ പലരും വന്നു അനേകരെ തെറ്റിക്കും.**

**[12]അധർമ്മം പെരുകുന്നതുകൊണ്ട്, അനേകരുടെ സ്നേഹം തണുത്തുപോകും. [13]എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും. [14]രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും.”**

**വാക്യം 9.** തന്റെ ശിഷ്യന്മാരോട് ആളുകൾ എങ്ങനെ പെരുമാറുമെന്ന് യേശു മുന്നറിയിച്ചിരുന്നു. അവർ **ഉപദ്രവിക്കപ്പെടുമെന്ന്** പറഞ്ഞ്, അതെന്താണെന്ന് വിശദമാക്കുകയും ചെയ്തു. അവൻ അവിടെ പറഞ്ഞത്, അവസാനം ഉണ്ടാകുവാനിരിക്കുന്ന ഉപദ്രവകാലത്തെ കുറിച്ചല്ല, പിന്നെയോ അപ്പൊസ്തലന്മാരുടെ ജീവിതത്തിൽ അവർക്ക് നേരിടേണ്ടി വരുന്ന ഉപദ്രവങ്ങളെ കുറിച്ചാണ് സൂചിപ്പിച്ചത്. അവർ പ്രാദേശിക കോടതി മുൻപാകെയും (ന്യായാധിപസഭ), നാടുവാഴികളുടേയും, രാജാക്കന്മാരുടേയും മുൻപിൽ വിചാരണക്കായി കൊണ്ടുപോകും. അവരെ പള്ളികളിൽ വെച്ച് ചമ്മട്ടികൊണ്ട് അടിക്കുകയും, തടവിലാക്കുകയും, കൊല്ലുകയും ചെയ്യും (മർ. 13:9). അവർ സുവിശേഷം പ്രസംഗിച്ചതുകൊണ്ടാണ് അവർക്ക് അങ്ങനെയെല്ലാം സഹിക്കേണ്ടിവരുന്നത് (10:17, 18; 23:34 ന്റെ പരാമർശം നോക്കുക).

കർത്താവ് പിന്നെ പറഞ്ഞു, “**എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകെക്കും.**” (10:22 ന്റെ പരാമർശം നോക്കുക). നീറോ ക്രിസ്ത്യാനികളെ ഉപദ്രവിച്ചത് രേഖപ്പെടുത്തി, എ. ഡി. 64-ൽ, ടാസിറ്റസ് വിവരിച്ചത്, അത് അവരുടെ മതത്തെ “കുത്സിതമായി വഷളാക്കുന്നതും,” “അന്ധവിശ്വാസം നിറഞ്ഞതും,” അവരുടെ പരിശീലനം “തരം താഴ്ന്നതും ലജ്ജിക്കത്തക്കതും” ആക്കി എന്നാണ്. റോമിനെ തീ വെച്ചത് ക്രിസ്ത്യാനികളായിരുന്നില്ലെങ്കിലും, നീറോ ആ കുറ്റം ക്രിസ്ത്യാനികളിൽ ചുമത്തി “മനുഷ്യവർഗം അവരെ വെറുക്കുമാറാക്കി.”[21]

**വാക്യം 10.** ഈ സമയത്ത് നടക്കുവാനിരിക്കുന്ന മറ്റു സംഭവങ്ങളെയും യേശു മുന്നറിയിച്ചു: ഉപദ്രവം നിമിത്തം അനേകം ക്രിസ്ത്യാനികൾ **തെറ്റിപ്പോകും** (*അകണ്ടലിസോ*), അത് മിക്കവാറും ഉപദ്രവം നിമിത്തമായിരിക്കും (1 പത്രൊ. 1:6, 7; 4:12-19). അവർ അന്യോന്യം ഏൽപിച്ചുകൊടുക്കയും അന്യോന്യം പകെക്കുകയും ചെയ്യും. എച്ച്. ലിയോ ബോൾസ് എഴുതി,

> ഉപദ്രവത്തിനു ഏൽപിക്കപ്പെട്ടതു നിമിത്തം അനേകർ ഇടറിപോകുവാൻ സംഗതി വന്നു; ചിലർ തങ്ങളുടെ മേൽ അടിച്ചേൽപിച്ച ക്രൂരമായ ഉപദ്രവത്തിൽ നിന്നു രക്ഷ നേടുവാൻ അവർ വിശ്വാസത്യാഗത്തിനിരയായി; ചില ശിഷ്യന്മാർ മറ്റു ശിഷ്യന്മാരെ ഉപദ്രവകാരികൾക്ക് ഒറ്റിക്കൊടുക്കുക പോലും ചെയ്തു.[22]

**വാക്യം 11. കള്ളപ്രവാചകന്മാർ പലരും** വന്നു അനേകരെ തെറ്റിക്കും. പ്രാരംഭ സഭയെ കള്ളപ്രവാചകന്മാർ ബാധിച്ചിരുന്നു. പൗലൊസ് പറഞ്ഞത് “കള്ളസഹോദരന്മാർ നുഴഞ്ഞു വന്നിരിക്കുന്നു ... അവർ ക്രിസ്തുയേശുവിൽ നമുക്കുള്ള സ്വാതന്ത്ര്യം ഉറ്റുനോക്കുവാൻ നുഴഞ്ഞു വന്നിരിക്കുന്നു” എന്നാണ് (ഗലാ. 2:4). വരുവാനിരിക്കുന്ന വിശ്വാസത്യാഗത്തെ കുറിച്ചു വിവരിച്ച് അവൻ പറഞ്ഞു, “അധർമ്മത്തിന്റെ മർമ്മം” “ഇപ്പോഴേ വ്യാപരിക്കുന്നു” (2 തെസ്സ. 2:3, 7). പത്രൊസ് ദുരുപദേഷ്ടാക്കന്മാരെ കുറിച്ച് മുന്നറിയിച്ചിരുന്നു, “അവർ നാശ

കരമായ മതഭേദങ്ങളെ നുഴയിച്ചു വിലെക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നെ ശീഘ്രനാശം വരുത്തും" (2 പത്രൊ. 2:1). യോഹന്നാൻ എതിർക്രിസ്തുവിനെ കുറിച്ച് "അനേകം" എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കുന്നു എന്നാണ് പറഞ്ഞത് (1 യോഹ. 2:18, 19). "കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് വന്നിരിക്കുന്നു" എന്നും അവൻ പറഞ്ഞിരിക്കുന്നു (1 യോഹ. 4:1). ആ കാലം മുതൽ ലോകം അനേകം കള്ളപ്രവാചകന്മാരെ കണ്ടിട്ടുണ്ട്.

**വാക്യം 12**. യെരുശലേം നാശത്തിനു മുൻപ് **അധർമ്മം** പെരുകുമെന്നാണ് അവൻ പറഞ്ഞത്. ക്രിസ്തുവിനു വേണ്ടിയും, അവന്റെ സഭയ്ക്ക് വേണ്ടിയുമുള്ള അനേകം ക്രിസ്ത്യാനികളുടെ **സ്നേഹം തണുത്തുപോകും**. അതിനുള്ള ഉദാഹരണം നമുക്ക് വെളിപ്പാട് പുസ്തകത്തിൽ കാണാം, അവിടെ എഫെസൊസിലുള്ള വിശ്വാസികളെ യേശു "അവരുടെ ആദ്യ സ്നേഹം വിട്ടുകളഞ്ഞതുകൊണ്ട്" ശാസിക്കയുണ്ടായി (വെളി. 2:4).

**വാക്യം 13**. പല രീതിയിലുള്ള വിശ്വാസത്യാഗത്തെ കുറിച്ച് പറഞ്ഞശേഷം, **അവസാനത്തോളം സഹിച്ചുനിൽക്കുന്നവൻ രക്ഷിക്കപ്പെടും** എന്ന് കർത്താവ് ഉറപ്പിച്ചു പറഞ്ഞു. വിശ്വാസിക്ക് ലഭിക്കുന്ന നിത്യരക്ഷയുടെ വാഗ്ദാനമാണ് അത്. "ജീവകിരീടം ലഭിക്കുവാൻ" ഒരാൾ "മരണപര്യന്തം വിശ്വസ്തനായിരിക്കണം" (വെളി. 2:10; എൻഐവി). വാക്യം 3-ൽ "ലോകാവസാനം" എന്നു പറയുന്നുവെങ്കിലും, ഈ വാക്യത്തിൽ "അവസാനം" (*ടെലോസ്*) എന്നു പറയുന്നത്, "ഒരാളുടെ ആയുസ് തീരുന്നതുവരെ" എന്നാണ് അർത്ഥമാക്കുന്നത് (10:22 ന്റെ പരാമർശം നോക്കുക).

**വാക്യം 14**. പിന്നെ യേശു പറഞ്ഞു, "**രാജ്യത്തിന്റെ ഈ സുവിശേഷം സകലജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും; അപ്പോൾ അവസാനം വരും**.'' "ഭൂലോകത്തിൽ ഒക്കെയും," (*ഓയി കൗമെനേ*) എന്നതും "അവസാനം" (*ടെലോസ്*) എന്നതും എങ്ങനെ നിർവ്വചിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഈ വാക്യത്തെ രണ്ട് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാം. ഒന്ന്, കർത്താവിന്റെ വരവിനും ലോകാവസാനത്തിനും മുൻപ് സുവിശേഷം ഭൂമിയിൽ മനുഷ്യവാസം ഉള്ള സ്ഥലങ്ങളിലെല്ലാം അറിയിക്കും. ഈ കാര്യത്തിൽ "അവസാനം" എന്നതിനു വാക്യം 3 ലെ അർത്ഥമായിരിക്കും.

യെരുശലേം നാശത്തിനു മുമ്പ് സുവിശേഷം റോമൻ പ്രദേശങ്ങളിലെല്ലാം[23] എത്തും എന്നതിനാണ് കൂടുതൽ സാദ്ധ്യത. പെന്തെക്കോസ്ത് നാളിൽ യെഹൂദന്മാരും യെഹൂദ മതാനുസാരികളും എല്ലാ റോമൻ പ്രദേശങ്ങളിലുമുണ്ടായിരുന്നവർ യെരുശലേമിൽ വന്നിരുന്നു (പ്രവൃ. 2:5-12), അവർക്ക് സുവിശേഷം കേൾക്കുവാനും അനുസരിക്കുവാനും അവസരം ലഭിച്ചു. അന്ന് ക്രിസ്തുവിൽ വിശ്വാസികളായി തീർന്ന അനേകം ക്രിസ്ത്യാനികൾ തങ്ങളുടെ സ്വദേശത്തു പോയി സുവിശേഷം പങ്കിട്ടു. കൂടാതെ, യെരുശലേമിൽ സഭക്ക് ഉപദ്രവം നേരിട്ടപ്പോൾ, ചിതറി പോയവർ യെഹൂദ്യ, ശമര്യ തുടങ്ങിയ പ്രദേശങ്ങളിൽ സുവിശേഷം വ്യാപിപ്പിച്ചു (പ്രവൃ. 8:4). അതുകൂടാതെ, അപ്പൊസ്തലന്മാരുടെ മിഷ്ണറി യാത്രകളുടെ ഫലമായി സുവിശേഷം പല വിദേശ രാജ്യങ്ങളിലേക്കുമെത്തി, റോമാ സാമ്രാജ്യത്തിൽ ഉടനീളം വ്യാപരിക്കുവാൻ ഇടയായി. എ. ഡി. 57-ൽ, പൗലോസ് സങ്കീർത്തനങ്ങൾ 19:4 ഉദ്ധരിച്ചു പറഞ്ഞു, "അവരുടെ നാദം സർവ്വഭൂമിയിലും അവരുടെ വചനം ഭൂതലത്തിന്റെ അറ്റത്തോളവും പരന്നു" (റോമർ 10:18).[24] പിന്നീട്, എ. ഡി. 62-ൽ, പൗലോസ് പ

റഞ്ഞു “ആകശത്തിൻകീഴെ സകലസൃഷ്ടികളുടെയും ഇടയിൽ ഘോഷിച്ചും,” “ആ സുവിശേഷം സർവ്വലോകത്തിലും എന്നപോലെ നിങ്ങളുടെ അടുക്കലും എത്തി” (കൊലൊ. 1:5, 6, 23). യേശു പറഞ്ഞതു - യെരുശലേമിനു മുമ്പ് പഴയ നിയമ കാലത്തിലെ കേന്ദ്രം - എ. ഡി. 70-ൽ നശിച്ചു പോയി, പുതിയ കാല സന്ദേശം റോമൻ സാമ്രാജ്യത്തിലേക്കു നുഴഞ്ഞു കയറി.

---

കുറിപ്പുകൾ

[1]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോഡിങ് റ്റു മാത്യു,* പില്ലർ കമന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 597. [2]ജോസെഫസ് *ആന്റികിറ്റീസ്* 17.10.5; 20.5.1. ജോസെഫസ് ഒന്നുകിൽ പറഞ്ഞത് മറ്റൊരു തദാസ് ആയിരിക്കാം അല്ലെങ്കിൽ അവന് കാല നിർണയം തെറ്റിയതാകാം. [3]ഇബിഡ്., 20.8.6. [4]ഡൊണാൾഡ് എ. ഹാഗ്നർ, *മാത്യു 14-28,* വേഡ് ബിബ്ലിക്കൽ കമന്ററി, വാല്യം. 33ബി (ഡളാസ്: വേഡ് ബുക്ക്സ്, 1995), 691. [5]സൂയെറ്റോണിയസ് *റ്റ്വൽവ് സീസേഴ്സ്* 7.18-22; 8.5-12; 9.7-18. [6]ഇബിഡ്., 10.4-8. [7]റോബർട്ട് എ. ഗെലിച്ച്, “ഡിസ്ട്രക്ഷൻ ഓഫ് ജെറുസലേം,” ഇൻ ഡിഷ്ണറി ഓഫ് ജീസസ്സ് ആന്റ് ദ ഗോസ്പൽസ്, എഡി. ജോവേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മെക്ക്‌നൈറ്റ് (ഡൗണേഷ്സ്, ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്സ്, 1992), 172. [8]ജോസെഫസ് *ആന്റികിറ്റീസ്* 20.11.1. [9]ജോസെഫസ് *വാഴ്സ്* 2.14.6-8. [10]ഇബിഡ്., 2.15.5.

[11]ഇബിഡ്., 2.17.2, 3. [12]ഇബിഡ്., 2.17.2, 7, 8; 2.18.16. [13]ഇബിഡ്., 2.18.1-5. [14]ഗെലിച്ച്, 173. [15]ജോസെഫസ് *ആന്റികിറ്റീസ്* 3.15.3. [16]റ്റാസിറ്റസ് *അനൽസ്* 12.43; സ്യുയറ്റോണിയസ് *റ്റ്വൽവ് സീസേഴ്സ്* 5.18. [17]ജോസെഫസ് *വാഴ്സ്* 5.13.7 [18]റ്റാസിറ്റസ് *അനൽസ്* 14.27; 15.22. [19]യെശ. 48:6; യെശ. 13:8; 21:3; 26:17; 42:14; യിരെ 4:31; 6:24; 13:21; 22:23; 30:6; 31:8; 48:41; 49:22, 24; 50:43; ഹോശെ. 13:13; 1 തെസ്സ. 5:3. [20]താൽമൂദ് *കെറ്റുബോത്ത്* 111എ; *സാൻഹാദ്രിൻ* 97ബി, 98ബി; *ഷാബാത്ത്* 118എ.

[21]റ്റാസിറ്റസ് *അനൽസ്* 15.44. [22]എച്ച്. ലിയോ ബോൾസ്, *എ കമന്ററി ഓൺ ദ ഗോസ്പെൽ എക്കോഡിങ് റ്റു മാത്യു* (നാഷ്‌വിലേ; ഗോസ്പൽ അഡ്വക്കേറ്റ് കമ്പനി., 1936), 461-62. [23]*ഓയീകൗമെനേ* എന്നവാക്കിന്റെ അർത്ഥത്തിന് നോക്കുക ലൂക്കോ. 2:1. ഒന്നാം നൂറ്റാണ്ടിൽ, റോമാക്കാരെ “ലോകം മുഴുവൻ ഭരിച്ചിരുന്നവർ” എന്നാണ് വിളിച്ചിരുന്നത് (ജോസെഫസ് ആന്റികിറ്റീസ് 15.11.1) [24]റോമാ ലേഖനത്തിൽ പിന്നീട്, “യെരുശലേം മുതൽ ഇല്ല്യൂര്യ വരെ” സുവിശേഷം പ്രസംഗിച്ചതായി പൗലോസ് എഴുതി, സ്പെയിൻ വരെ അവൻ അപ്പോഴും എത്തിയിരുന്നില്ല (റോമർ 15:19, 24, 28).